**കേരള സർക്കാർ**

**തദ്ദേശസ്വയംഭരണ (ഡി.എ.)വകുപ്പ്**

നം.10328/ഡി.എ.1//2011/തസ്വഭവ തിരുവനന്തപുരം, തീയതി: 17.02.2011

## സർക്കുലർ

വിഷയം:- 2011-12 വാർഷിക പദ്ധതി തയ്യാറാക്കുന്നതിന് അവലംബിക്കേണ്ട വിഹിതം - സംബന്ധിച്ച്.

സൂചന:- സ.ഉ.(എം.എസ്.)നം.257/2010/തസ്വഭവ; തീയതി 06.11.2010.

സാമ്പത്തിക വർഷാരംഭത്തിൽ തന്നെ പദ്ധതി നിർവഹണം ആരംഭിക്കുന്ന സമ്പ്രദായം നടപ്പാക്കുന്നതിന്റെ ഭാഗമായി 2011-12 വാർഷിക പദ്ധതിയും പ്രോജക്ടുകളും മുൻകൂട്ടി തയ്യാറാക്കി അംഗീകാരം നേടുന്നതിനുള്ള നടപടിക്രമവും സമയക്രമവും സൂചനയിലെ ഉത്തരവ് പ്രകാരം സർക്കാർ നിശ്ചയിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ ഖണ്ഡിക 3-ൽ വ്യക്തമാക്കിയിട്ടുള്ളത് പ്രകാരം പദ്ധതി തയ്യാറാക്കുന്നതിന് അവലംബിക്കേണ്ട താത്ക്കാലിക വിഹിതത്തിന്റെ വിശദാംശങ്ങൾ സർക്കാർ അറിയിക്കുകയും അതനുസരിച്ച് തദ്ദേശഭരണ സ്ഥാപനങ്ങൾ ആസൂത്രണ നടപടിക്രമങ്ങൾ പൂർത്തിയാക്കി വാർഷിക പദ്ധതി അന്തിമമാക്കുന്ന ഘട്ടത്തിലെത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ അടുത്ത വർഷം യഥാർത്ഥത്തിൽ ലഭിക്കേണ്ട വിഹിതം സംസ്ഥാന ബജറ്റിലൂടെ ലഭ്യമായിട്ടുള്ള സാഹചര്യത്തിൽ ഇതിനകം തയ്യാറാക്കിയ പദ്ധതി ബജറ്റ് വിഹിതത്തിന് അനുസൃതമായി പരിഷ്കരിക്കേണ്ടതുണ്ടോ എന്നത് സംബന്ധിച്ച് സ്പഷ്ടീകരണം ആവശ്യമാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് സംബന്ധിച്ച് ചുവടെ പ്രതിപാദിക്കുന്ന സ്പഷ്ടീകരണം നൽകുന്നു.

2. തദ്ദേശഭരണ സ്ഥാപനങ്ങൾ താത്ക്കാലിക വിഹിതത്തെ അടിസ്ഥാനമാക്കിയാണ് പദ്ധതി ആസൂത്രണത്തിന്റെ വിവിധ നടപടിക്രമങ്ങൾ പാലിച്ച് വാർഷിക പദ്ധതി അന്തിമമാക്കിയിട്ടുള്ളത്. ബജറ്റ് വിഹിതത്തിന് അനുസൃതമായി വാർഷിക പദ്ധതി ഇപ്പോൾ പരിഷ്കരിക്കുകയാണെങ്കിൽ കാലതാമസത്തിന് ഇടയാക്കുകയും തത്ഫലമായി അടുത്ത സാമ്പത്തിക വർഷത്തിന് മുൻപ് അംഗീകാരം നേടാൻ കഴിയാത്ത സാഹചര്യം ഉണ്ടാകുകയും ചെയ്യും. അതൊഴിവാക്കുന്നതിന് ഇപ്പോൾ താത്ക്കാലിക വിഹിതത്തെ അടിസ്ഥാനമാക്കി തന്നെ വാർഷിക പദ്ധതി അന്തിമമാക്കേണ്ടതാണെന്ന് വ്യക്തമാക്കുന്നു. താത്ക്കാലിക വിഹിതത്തെ അടിസ്ഥാനമാക്കി ഈ സാമ്പത്തിക വർഷം തന്നെ അടുത്ത വർഷത്തെ പദ്ധതികൾക്ക് അംഗീകാരം നേടുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾ 2011-12-ൽ തുടർന്ന് നടപ്പാക്കേണ്ട സ്പിൽഓവർ പ്രോജക്ടുകൾ വാർഷിക പദ്ധതിയിൽ കൂട്ടിച്ചേർക്കുന്ന സമയത്ത് ബജറ്റ് വിഹിതത്തിന് അനുസൃതമായി വാർഷിക പദ്ധതി പരിഷ്കരിച്ച് അംഗീകാരം നേടേണ്ടതാണ്.

3. വികസന ഫണ്ട്, റോഡിതര മെയിന്റനൻസ് ഫണ്ട് എന്നിവയെ സംബന്ധിച്ചിടത്തോളം 2011-12-ലെ വാർഷിക പദ്ധതി തയ്യാറാക്കുന്നതിന് അവലംബിക്കേണ്ടതായി അറിയിച്ചിരുന്ന താത്ക്കാലിക വിഹിതത്തേക്കാൾ കുറഞ്ഞ തുക ബജറ്റ് വിഹിതമായി അനുവദിച്ചിട്ടുള്ള തദ്ദേശഭരണ സ്ഥാപനങ്ങളുണ്ട്. അത്തരം തദ്ദേശഭരണ സ്ഥാപനങ്ങൾക്കും താത്ക്കാലിക വിഹിതത്തെ അടിസ്ഥാനമാക്കിയുള്ള വാർഷിക പദ്ധതിക്ക് ഇപ്പോൾ അംഗീകാരം നേടാവുന്നതാണെന്ന് വ്യക്തമാക്കുന്നു. എന്നാൽ ബജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തി മാത്രമെ അടുത്ത സാമ്പത്തികവർഷം നിർവഹണ നടപടികൾ ആരംഭിക്കാൻ പാടുള്ളൂ. ലഭ്യമായ വിഹിതത്തിൽ പരിമിതപ്പെടുത്തി നടപ്പാക്കേണ്ട പ്രോജക്ടുകൾ ഏതൊക്കെയെന്ന് തദ്ദേശഭരണ സ്ഥാപനം തീരുമാനമെടുത്ത് അതിനനുസൃതമായി നിർവഹണ നടപടികൾ ആരംഭിക്കാവുന്നതാണ്. മേൽപ്പറഞ്ഞ നിർദ്ദേശത്തോടെയായിരിക്കണം ജില്ലാ ആസൂത്രണ സമിതികൾ വാർഷിക പദ്ധതി അംഗീകരിച്ച് നൽകേണ്ടത്.

4. പദ്ധതി സമർപ്പണത്തിനും അംഗീകാരത്തിനുമുള്ള അവസാന തീയതികൾ സൂചനയിലെ ഉത്തരവ് പ്രകാരം നിശ്ചയിച്ചിട്ടുണ്ടെങ്കിലും ആ തീയതിക്ക് ശേഷം പദ്ധതി പരിശോധനയും അംഗീകാരവുമായി ബന്ധപ്പെട്ട നടപടികൾ തുടരുന്നതിന് തടസമില്ലെന്നും വ്യക്തമാക്കുന്നു.

**എസ്.എം.വിജയാനന്ദ്**
അഡീഷണൽ ചീഫ് സെക്രട്ടറി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**

1 എല്ലാ ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2 എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
3 എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4 എല്ലാ മുനിസിപ്പൽ ചെയർപേഴ്സൻമാർക്കും സെക്രട്ടറിമാർക്കും
5 എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
6 എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും
7 പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
8 ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
9 ഡയറക്ടർ, കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
10 നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
11 ഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ്, കൊട്ടാരക്കര
12 എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
13 എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
14 ചീഫ് എൻജിനീയർ, തദ്ദേശസ്വയംഭരണവകുപ്പ്
15 എല്ലാ ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറിമാർക്കും (ജില്ലാ കളക്ടർമാർ)
16 എല്ലാ ദാരിദ്ര്യ ലഘൂകരണ യൂണിറ്റ് പ്രോജക്ട് ഡയറക്ടർമാർക്കും
17 എല്ലാ കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്കും
18 എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
19 എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
20 എല്ലാ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ(ജനറൽ)മാർക്കും
21 എല്ലാ നഗരകാര്യ മേഖലാജോയിന്റ് ഡയറക്ടർമാക്കും
22 ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
23 സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
24 ജനറൽ സെക്രട്ടറി, കേരളാഗ്രാമപഞ്ചായത്ത് അസോസിയേഷൻ
25 സെക്രട്ടറി, കേരളാബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
26 സെക്രട്ടറി, മുൻസിപ്പൽ ചെയർമാൻമാരുടെ ചേമ്പർ
27 സെക്രട്ടറി, ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേമ്പർ
28 അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
29 ഓഫീസ് കോപ്പി/കരുതൽ ഫയൽ

പകർപ്പ്:-

1. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ഓഫീസ്
3. തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ ഓഫീസ്
4. തദ്ദേശസ്വയംഭരണ ഡി.ബി/ഡി.സി/ഡി.ഡി/എഫ്.എം സെക്ഷനുകൾക്ക്